# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 26/10/ 2020

## യുവാവിനെ ഗുരുതരമായി പരിക്കേൽപ്പിച്ച ശേഷം ഒളിവിലായിരുന്ന പ്രതി ഒരു വർഷത്തിന് ശേഷം അറസ്റ്റിൽ

കൊട്ടിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത അന്വേഷണം നടത്തിവന്ന കേസിലെ ഒന്നാം പ്രതിയെ കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി അറസ്റ്റ് ചെയ്തു. കഴിഞ്ഞ ഒരു വർഷമായി ഒളിവിലായിരുന്ന പ്രതിയെ ജില്ലാ പോലീസ് മേധാവിയുടെ നിർദേശപ്രകാരം പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുകയും




ചാത്തന്നൂർ എ സി പിയുടെ മേൽ നോട്ടത്തിൽ , കൊട്ടിയം എസ് ഐ സുജീത് ജി നായരും സംഘവും ആണ് പ്രതിയെ അറസ്റ്റ് ചെയ്തത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതി, വിവിധ സ്ഥലങ്ങളിലായി ഒളിവിൽ കഴിഞ്ഞു വരികയായിരുന്നു. കൊട്ടിയം സ്റ്റേഷനിൽ നിലവിൽ കേസ് രജിസ്റ്റർ ചെയ്ത അന്വേഷണം നടത്തിവരുന്ന കേസുകളിലെ പ്രതികളെ പിടികൂടുന്നതിലേക്കായി ജില്ലാ പോലീസ് മേധാവിയുടെ നിർദേശ പ്രകാരം പ്രത്യേക സ ്ക്വാഡ് രൂപീകരിക്കുകയും , ആയതിന്റെ അടിസ്ഥാനത്തിൽ പ്രതിയെ അറസ്റ്റ് ചെയ്യുകയുമാണുണ്ടായത്.മുഖത്തല വയലിൽ പുത്തൻ വീട്ടിൽ, ബിപിൻ -23 ആണ് അറസ്റ്റിലായത് . കൊട്ടിയത്തു 2019ജൂൺ മാസത്തിൽ വഴിത്തർക്കത്തെ തുടർന്നുണ്ടായ സംഘർഷത്തിൽ വാദിയെ ഇരുമ്പ് വടി കൊണ്ടു തലക്കടിച്ചും , കത്തി കുത്ത് നടത്തുകയും ചെയ്തു ഗുരുതരമായി പരിക്കേൽപ്പിച്ച ശേഷം പ്രതികൾ ഒളിവിൽ പോകുകയായിരുന്നു.സംഭവത്തിന് കൊട്ടിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയായിരുന്നു.

ജില്ലാ പോലീസ് മേധാവിയുടെ നിർദേശാനുസരണം ചാത്തന്നൂർ എ സി പി ശ്രീ ഷൈനു തോമസിൻറെ മേൽനോട്ടത്തിൽ കൊട്ടിയം സ്റ്റേഷൻ ചാർജ് വഹിക്കുന്ന കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ എസ് എച്ച് ഒ, യു പി വിപിൻ കുമാറിൻറെനേതൃത്വത്തിൽ കൊട്ടിയം എസ് ഐ മാരായസുജീത് ജി നായർ, രമേശൻ,പ്രേമചന്ദ്രൻ ഉണ്ണിത്താൻപ്രൊബോഷണറി എസ് ഐ ശിവപ്രസാദ്, സി പി ഒ സുഭാഷ്, ഡ്രൈവർ സി പി ഒ ദിലീപ് എന്നവർ അടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ കൊല്ലം ജെ എഫ് എം സി 2 കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.